കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒപ്പംതന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന സൗകര്യങ്ങൾ തുടർന്ന് നൽകുന്നകാര്യം പുനഃപരിശോധിക്കുന്നതിനും ഈ വിവരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയെയും ആരോഗ്യ സർവ്വകലാശാലയെയും അറിയിക്കുന്നകാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഉന്മൂലം ചെയ്യുന്ന രോഗങ്ങളുടെ തിരിച്ചുവരവ്

14 (*794) ശ്രീ. കെ. അജിത് :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തീരദേശ ഗ്രാമങ്ങളിൽനിന്നും നിർമ്മാർജ്ജനംചെയ്ത ചില മാരക രോഗങ്ങൾ വീണ്ടും കണ്ടുതുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിരോധ നടപടികളിൽ വീഴ്ച വന്നിട്ടുണ്ടോ ; അവ വീണ്ടും ശക്തമാക്കാൻ എന്തു പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളും ബോധവൽക്കരണവും നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) തിരുവനന്തപുരം ജില്ലയിലെ തീരദേശ ഗ്രാമമായ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആരോഗ്യ ഉപകേന്ദ്രമായ കോട്ടപ്പുറത്തിന്റെ പ്രവർത്തന മേഖലയിൽ വരുന്ന കോട്ടപ്പുറം-കടക്കുളം കോളനിയിൽനിന്നും 23-6-2014-ൽ ഡിഫ്ത്തീരിയ രോഗംമൂലം 10 വയസ്സുള്ള ടിന എന്ന ബാലിക മരണപ്പെടുകയുണ്ടായി. ഡിഫ്ത്തീരിയ എന്ന രോഗം സംസ്ഥാനത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. നിർമ്മാർജ്ജനം ചെയ്ത മാരകരോഗങ്ങൾ തീരദേശ ഗ്രാമങ്ങളിൽ വീണ്ടും കണ്ടു തുടങ്ങിയിട്ടില്ല. എന്നാൽ, ഉൾപ്രദേശങ്ങളിലെന്നപോലെ തീരദേശങ്ങളിലും കാലവർഷത്തിന് മുമ്പും കാലവർഷ ഘട്ടത്തിലും സാധാരണ കണ്ടുവരുന്ന പനി, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, വയറിളക്കരോഗങ്ങൾ എന്നിവ ചില പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പ്രതിരോധ കുത്തിവയ്പ് പ്രവർത്തനങ്ങളിൽ യാതൊരു തരത്തിലുള്ള വീഴ്ചയും വന്നിട്ടില്ല. എന്നാൽ, സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്നതിന് വിസമ്മതിക്കുന്ന കുടുംബങ്ങൾ ഇപ്പോഴും നിലവിലുണ്ട്. മുൻവർഷങ്ങളിലെക്കാൾ നല്ല രീതിയിൽ ആസൂത്രണം ചെയ്ത് സമയബന്ധിതമായിട്ടാണ് സംസ്ഥാനത്ത് ഈ വർഷം പകർച്ചവ്യാധി നിയന്ത്രണ രോഗ പ്രതിരോധ നടപടികൾ നടപ്പിലാക്കിയത്. വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാനുള്ള യോഗങ്ങൾ കൂടി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണ കാമ്പയിനുകൾ, ജല ശുചീകരണ കാമ്പയിൻ തുടങ്ങിയവ നടപ്പിലാക്കി. ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണവും തുടർന്നുവരികയാണ്. ഐ.ഡി.എസ്.പി. വഴി രോഗ നിരീക്ഷണം കാര്യക്ഷമമാക്കി. ആഴ്ചതോറുമുള്ള കൊതുക നിരീക്ഷണം ഊർജ്ജിതപ്പെടുത്തി. രോഗം പൊട്ടിപ്പുറപ്പെട്ടാൽ ആരംഭത്തിൽത്തന്നെ ഊർജ്ജിത നിയന്ത്രണം നടപ്പിലാക്കിവരുന്നു.

(സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളും ബോധവത്ക്കരണവും നടപ്പിലാക്കിവരുന്നുണ്ട്. തീരദേശ ഗ്രാമങ്ങൾ ഉൾപ്പെട്ട ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രതിരോധ കുത്തിവയ്പ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പ്രത്യേകമായി നടപ്പിലാക്കുന്നതാണ് :

1. സർവ്വേ
2. ബോധവത്കരണ പരിപാടികൾ
3. പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ

തീരദേശ മേഖലകളിലെ ബോധവത്കരണത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസറും ഫീൽഡ് ഉദ്യോഗസ്ഥരും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ലഘുലേഖാ കവിത വിതരണം, മൈക്ക് പബ്ലിസിറ്റി, വീഡിയോഷോ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ ജില്ലാ എഡ്യൂക്കേഷൻ മീഡിയ ആഫീസർമാർ ഇത് അവലോകനം ചെയ്യുന്നു. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും വേണ്ട അവബോധം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നൽകി വരുന്നു. ഇതുകൂടാതെ ബുധനാഴ്ചകളിൽ സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ആരോഗ്യ പ്രതിജ്ഞ എടുക്കുന്നു. തീരപ്രദേശത്തുള്ള സബ്സെന്ററുകൾ, അംഗണവാടികൾ, സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയും ബോധവത്ക്കരണ ക്ലാസ്സുകൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly